## പതിനാലാം കേരള നിയമസഭ

### പത്തൊൻപതാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 392 - 03/03/2020-ലെ മറുപടിക്ക്

## കേന്ദ്ര നികുതി വിഹിതം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ | ഡോ. ടി. എം. തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| ചോദ്യം | ഉത്തരം |
|---|---|
| (എ) പതിനാലാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം കേന്ദ്ര നികുതി വിഹിതത്തിൽ എത്ര ശതമാനം സംസ്ഥാനങ്ങൾക്ക് വീതിച്ച് നൽകുവാനാണ് തീരുമാനിച്ചിരുന്നത്; വ്യക്തമാക്കാമോ; | വിഭജിക്കാവുന്ന കേന്ദ്ര നികുതി വരുമാനത്തിന്റെ (തനി) 42% സംസ്ഥാനങ്ങൾക്ക് നൽകുന്നതിനും, ഇതിന്റെ 2.5% സംസ്ഥാന വിഹിതമായി നൽകുന്നതിനും പതിനാലാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിരുന്നു. |
| (ബി) പ്രസ്തുത നികുതി വിഹിതം പതിനഞ്ചാം ധനകാര്യ കമ്മീഷൻ കുറച്ചിട്ടുണ്ടോ; എങ്കിൽ നികുതി വിഹിതം നിശ്ചയിച്ചതിനുള്ള മാനദണ്ഡം എന്തായിരുന്നു; വിശദമാക്കാമോ; | ഉണ്ട്. 15-ാം ധനകാര്യ കമ്മീഷൻ 2020-21 ലേക്ക് നൽകിയ ശുപാർശയിൽ വിഭജിക്കാവുന്ന കേന്ദ്ര നികുതി (തനി) യുടെ 41% സംസ്ഥാനങ്ങൾക്ക് നൽകുന്നതിനും ഇതിന്റെ 1.943% സംസ്ഥാന വിഹിതമായി നൽകുന്നതിനും ശുപാർശ ചെയ്തിട്ടുണ്ട്. |
| (സി) മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിൽ ജനസംഖ്യാ നിയന്ത്രണ പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടക്കുന്നുവെന്നത് സംസ്ഥാനത്തിന് അർഹമായ നികുതി വിഹിതം ലഭ്യമാകുന്നതിന് തിരിച്ചടിയായതായി വിലയിരുത്തുന്നുണ്ടോ; വ്യക്തമാക്കാമോ; | ഉണ്ട്. 2011-ലെ ജനസംഖ്യ നികുതിവിഭജനത്തിനുള്ള മാനദണ്ഡമായി നിശ്ചയിച്ചതും ഇതിന് 15% വെയ്റ്റേജ് മാത്രം നൽകിയതും ജനസംഖ്യാ നിയന്ത്രണത്തിൽ പുരോഗതി കൈവരിച്ച കേരളത്തിനുള്ള നികുതിവിഹിതം ഗണ്യമായി കുറയുന്നതിന് ഇടയാക്കിയിട്ടുണ്ട്. |
| (ഡി) ജനസംഖ്യ ഒരു മാനദണ്ഡമായി പരിഗണിക്കുമ്പോൾ, ജനസംഖ്യാ നിയന്ത്രണത്തിന് എടുത്ത പരിശ്രമങ്ങളും | 1971-ലെ സെൻസസ് അടിസ്ഥാനമാക്കി ജനസംഖ്യാപരമായ നേട്ടങ്ങൾക്കുള്ള വെയ്റ്റേജ് 30 ശതമാനമാക്കാൻ സംസ്ഥാനം |

| | |
|---|---|
| പരിഗണിക്കണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്മേലുള്ള ധനകാര്യ കമ്മീഷന്റെ പ്രതികരണം എന്താണെന്ന് അറിയിക്കാമോ? | ആവശ്യപ്പെട്ടിരുന്നു. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ആദ്യ റിപ്പോർട്ട് (2020-21) പ്രകാരം ജനസംഖ്യാപരമായ പ്രകടനത്തിന് (Demographic Performance) 12.5% വെയ്റ്റേജ് നൽകിയിട്ടുണ്ട്. |

Sreekala P

സെക്ഷൻ ആഫീസർ